ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(ഹാജർ : ശ്രീ എ.റ്റി.ജെയിംസ്, ഐഎഎസ്)*

പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം പിഒ, തിരുവനന്തപുരം- 695 033

എൽആർഇ(2)- 700/2018 — തീയതി: 30-05-2018

വിഷയം : ജീവനക്കാര്യം- കേരള റവന്യൂ സർവ്വീസ്- തഹസിൽദാർ/ സീനിയർ സൂപ്രണ്ട് തസ്തിക - സ്ഥലംമാറ്റവും പ്രൊമോഷനും അനുവദിച്ച് ഉത്തരവാകുന്നു

വായന :
1) ജി.ഒ(പി)നം.853/80/ആർഡി തീയതി 16.06.1980
2) ജി.ഒ(പി)നം.58/2010/ആർഡി തീയതി 09.02.2010
3) 08.01.2018 ലെ കേരളാ ഗസറ്റ് നമ്പർ 31 ആയി പ്രസിദ്ധീകരിച്ച 30.12.2017ലെ എൽആർഇ(2)- 56300/17 നമ്പർ നോട്ടിഫിക്കേഷൻ
4) ഈ കാര്യാലയത്തിൽ നിന്നുള്ള 27.03.2018 ലെ എൽആർഇ(2)- 700/2018(1) നമ്പർ നടപടിക്രമം
5) ഇടുക്കി ജില്ലാ കലക്ടറുടെ 30.04.2018 ലെ എ1-01-2018 നമ്പർ കത്ത്
6) ഈ കാര്യാലയത്തിൽ നിന്നുള്ള 28.03.2018 ലെ എൽആർഇ(2)- 700/2018 നമ്പർ നടപടിക്രമം
7) ഈ കാര്യാലയത്തിൽ നിന്നുള്ള 24.04.2018 ലെ എൽആർഇ(2)- 700/2018 നമ്പർ നടപടിക്രമം
8) ഇടുക്കി ജില്ലാ കലക്ടറുടെ 17.05.2018 ലെ എസ്എസ്1-19524/10 നമ്പർ കത്ത്
9) സ.ഉ(സാധാ)നം.1572/18/റവ തീയതി 03.05.2018

കേരളാ റവന്യൂ സർവ്വീസ് (തഹസിൽദാർ) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടു വരുന്ന ചുവടെ ചേർത്ത തഹസിദാർ/സീനിയർ സൂപ്രണ്ടുമാരെ ഭരണപരമായ സൗകര്യാർത്ഥം അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിലേക്ക് ഉടൻ പ്രാബല്യത്തിൽ മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ജില്ല | മാറ്റി നിയമിക്കുന്ന ജില്ല | റിമാർക്ക്സ് |
|---|---|---|---|---|
| 1. | ജയകുമാരൻ.എസ് | മലപ്പുറം | സിഎൽആർ | |
| 2. | അജയകുമാർ.റ്റി.എം. | കോഴിക്കോട് | ലാൻഡ് ബോർഡ് | |
| 3. | സുരേഷ് കുമാർ. ബി.എസ് | കണ്ണൂർ | ഡിഎസ്എൽആർ | |
| 4. | ഉണ്ണിരാജ.എ | ലാൻഡ് ബോർഡ് | തിരുവനന്തപുരം | അപേക്ഷ പ്രകാരം |
| 5. | ജോസിലിയാമ്മ.പി.എ | കണ്ണൂർ | ആലപ്പുഴ | |
| 6. | ഷൈല.ഒ.കെ | ഡിഎസ്എൽആർ | പത്തനംതിട്ട | കംപാഷണേറ്റ് ഗ്രൗണ്ട് |
| 7. | ജിനു പുന്നൂസ് | തൃശ്ശൂർ | കോട്ടയം | |
| 8. | ഫിലിപ്പ് ചെറിയാൻ | ഇടുക്കി | കോട്ടയം | |
| 9. | എൽദോ.കെ.എം. | തൃശ്ശൂർ | എറണാകുളം | |
| 10. | ജഗ്ഗി പോൾ | കാസറഗോഡ് | എറണാകുളം | |
| 11. | ബീന.പി.ആനന്ദ് | മലപ്പുറം | എറണാകുളം | |
| 12. | കെ.എസ്.വേണുഗോപാൽ | തൃശ്ശൂർ | എറണാകുളം | 31.07.2018ന് വിരമിക്കുന്നു. |
| 13. | പരീത്.കെ.എസ് | കാസറഗോഡ് | എറണാകുളം | കംപാഷണേറ്റ് ഗ്രൗണ്ട് |
| 14. | കൃഷ്ണകുമാർ.കെ | പാലക്കാട് | തൃശ്ശൂർ | |
| 15. | തോമസ്.കെ.വി | കാസറഗോഡ് | തൃശ്ശൂർ | അപേക്ഷ പ്രകാരം |

വായന (4) പ്രകാരമുള്ള നടപടിക്രമത്തിൽ ശ്രീ ഷാജി.പി.കെ-യ്ക്ക് ഇടുക്കി ജില്ലയിൽ നിന്നും എറണാകുളം ജില്ലയിലേക്ക് റീഅലോട്ട്മെന്റ് അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ, വ്യക്തിപരമായ കാരണങ്ങളാൽ ടിയാന് കുറച്ച് നാൾ കൂടി ദേവികുളം താലൂക്കിൽ തുടരാൻ താല്പര്യമുണ്ടെന്നും ടിയാനെ ഇടുക്കി ജില്ലയിൽ തുടരാൻ അനുവദിക്കണമെന്നുമുള്ള കക്ഷിയുടെ അപേക്ഷ വായന(5) പ്രകാരം ഇടുക്കി ജില്ലാ കലക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച് ,വായന (4) പ്രകാരമുള്ള നടപടിക്രമത്തിൽ ശ്രീ ഷാജി.പി.കെ-യ്ക്ക് ഇടുക്കി ജില്ലയിൽ നിന്നും എറണാകുളം ജില്ലയിലേക്ക് റീഅലോട്ട്മെന്റ് അനുവദിച്ച നടപടി റദ്ദ് ചെയ്ത് കൊണ്ടും ടിയാനെ ഇടുക്കി ജില്ലയിൽ തുടരാൻ അനുവദിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

Scanned by CamScanner

വായന (4) പ്രകാരമുള്ള നടപടിക്രമത്തിൽ ശ്രീമതി ശ്രീകല.കെ.എസ്-ന് (ഡി.റ്റി/ജെ.എസ് റാങ്ക് നം.4808) ഇടുക്കി ജില്ലയിൽ നിന്നും തഹസിൽദാർ പ്രൊമോഷൻ നൽകി ഉത്തരവായിരുന്നു. എന്നാൽ ടിയാൾക്കെതിരെ ഇടുക്കി ജില്ലാ കലക്ടർ അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ടെന്നും ആയത് തീർപ്പായിട്ടില്ലെന്നും ജില്ലാകലക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് നൽകിയ പ്രമോഷൻ വായന(6) പ്രകാരം റദ്ദ് ചെയ്തിരുന്നു. നിലവിൽ, ടിയാൾക്കെതിരെയുണ്ടായിരുന്ന അച്ചടക്കനടപടി ലഘുശിക്ഷയായ താക്കീത് നൽകി തീർപ്പാക്കിയിട്ടുണ്ടെന്നും ആയത് പരിഗണിച്ച് വായന(3) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ 19 എന്ന ക്രമനമ്പരായി ഉൾപ്പെട്ടിട്ടുള്ള ടിയാൾക്ക് തഹസിൽദാർ പ്രൊമോഷൻ അനുവദിക്കാമെന്നും വായന(8) പ്രകാരം ഇടുക്കി ജില്ലാ കലക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി ശ്രീകല.കെ.എസ്-ന് (ഡി.റ്റി/ജെ.എസ് റാങ്ക് നം.4808) കേരളാ റവന്യൂ സർവ്വീസ് (തഹസിൽദാർ) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടു വരുന്ന തഹസിൽദാർ തസ്തികയിലേക്ക് **36600-79200** എന്ന ശമ്പളസ്കെയിലിൽ സ്ഥാനക്കയറ്റം നൽകി **ഇടുക്കി ജില്ലയിൽ** നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി (ലോവർ) ചേർന്ന് തയ്യാറാക്കി വായന(3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർത്ത ജീവനക്കാരെ കേരളാ റവന്യൂ സർവ്വീസ് (തഹസിൽദാർ) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടു വരുന്ന തഹസിൽദാർ തസ്തികയിലേക്ക് **36600-79200** എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിലേക്ക് ഉടൻ പ്രാബല്യത്തിൽ മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി ജീവനക്കാർ വായന(1),(2) എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള തുടർച്ചയായ 2 വർഷത്തിനുള്ളിലെ ഒരു വർഷക്കാലത്തെ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതും ടി നിരീക്ഷണകാലയളവിനുള്ളിൽ പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗ് നിർബന്ധമായും പൂർത്തിയാക്കേണ്ടതുമാണ്.

| ക്രമ നമ്പർ | ഡി.റ്റി/ ജെ. എസ് റാങ്ക് നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ജില്ല | മാറ്റി നിയമിക്കുന്ന ജില്ല | റിമാർക്സ് |
|---|---|---|---|---|---|
| 1. | 4810 | ബിപിൻകുമാർ.എം | കൊല്ലം | കോഴിക്കോട് | |
| 2. | 4812 | സുധർമ്മൻ.വി | തിരുവനന്തപുരം | തിരുവനന്തപുരം | 30.06.2018ന് വിരമിക്കുന്നു. |
| 3. | 4814 | സുബോധ്കുമാർ.ബി.എസ് | തിരുവനന്തപുരം | മലപ്പുറം | |
| 4. | 4816 | ജോസ് പോൾ ചിറ്റിലപ്പള്ളി | വയനാട് | കണ്ണൂർ | |
| 5. | 4817 | ഷേർലി പൗലോസ് | വയനാട് | കണ്ണൂർ | |
| 6. | 4819 | ക്രിപ്പിൻദാസ്.ജെ | ഡിഎസ്എൽആർ | പാലക്കാട് | |
| 7. | 4821 | ലേഖ.കെ.ആർ | തിരുവനന്തപുരം | മലപ്പുറം | |
| 8. | 4822 | രാജേന്ദ്രൻ പിളള.പി | കൊല്ലം | മലപ്പുറം | |
| 9. | 4828 | ഷിഹാബുദീൻ.എ | കൊല്ലം | കൊല്ലം | 31.07.2018ന് വിരമിക്കുന്നു. |
| 10. | 4829 | കുര്യൻ.പി.എം | വയനാട് | കണ്ണൂർ | |
| 11. | 4834 | സന്ധ്യാദേവി.സി.ജെ | കോട്ടയം | കാസറഗോഡ് | |

ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ ടി ജീവനക്കാരെ വിടുതൽ ചെയ്യാനും ജോലിയിൽ പ്രവേശിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് (ആർറ്റിസി) ഉചിതമാർഗ്ഗേണ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

**കമ്മീഷണർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (ജില്ലാ കലക്ടർ/ മേലധികാരി മുഖേന)

പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) അഡീഷണൽ ചീഫ് സെക്രട്ടറി , റവന്യൂ (സി) വകുപ്പ്, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
3) ബന്ധപ്പെട്ട ജില്ലാ കലക്ടർമാർക്ക്
4) കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സിഎ
5) എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
6) സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Scanned by CamScanner